"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ലാപഞ്ചായത്ത് - ചെറുവണ്ണൂർ നല്ലളം വ്യവസായ എസ്റ്റേറ്റ് നിയമാവലിയിൽ അധിക നിബന്ധനകൾ ഉൾപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1093/2024/LSGD തീയതി,തിരുവനന്തപുരം, 20-06-2024

---

പരാമർശം:-
1. സ.ഉ. (സാധാ) നം.1566/07/തസ്വഭവ; തീയതി 31/05/2007
2. കോഴിക്കോട് ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ 23.11.2023ലെ പി2-790/23 നമ്പർ കത്തും ജില്ലാപഞ്ചായത്ത് ഭരണസമിതിയുടെ 26.10.2023ലെ 1/14(3) നമ്പർ തീരുമാനവും.

**ഉത്തരവ്**

കോഴിക്കോട് ജില്ലാപഞ്ചായത്ത് ചെറുവണ്ണൂർ-നല്ലളം പ്രദേശത്ത് സ്ഥാപിച്ച മിനി വ്യവസായ എസ്റ്റേറ്റിലെ പ്ലോട്ടുകൾ, വ്യവസായികൾക്ക് വില്പനയ്ക്കും ഹയർ പർച്ചേസിനും നൽകുന്നതിനായുള്ള പരാമർശം 1 ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുള്ള നിയമാവലിയിൽ, പരാമർശം 2 അപേക്ഷയുടെ അടിസ്ഥാനത്തിൽ, ചുവടെ പ്രകാരം നിബന്ധനകൾ കൂടി ഉൾപ്പെടുത്തി ഉത്തരവാകുന്നു.

"സർക്കാരിന്റെ/തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അധീനതയിലുള്ള വ്യവസായ വികസന പ്ലോട്ടുകൾ സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിയമങ്ങൾ, ചട്ടങ്ങൾ, ഉത്തരവുകൾ, സർക്കുലറുകൾ തുടങ്ങിയവ, ചെറുവണ്ണൂർ - നല്ലളം വ്യവസായ എസ്റ്റേറ്റിനും, എസ്റ്റേറ്റിലെ പ്ലോട്ടുകൾക്കും, പ്ലോട്ടിൽ പ്രവർത്തിക്കുന്ന എല്ലാ യൂണിറ്റുകൾക്കും ബാധകമായിരിക്കുന്നതാണ്. എന്നാൽ മേൽപ്പറഞ്ഞ നിയമങ്ങൾ, ചട്ടങ്ങൾ, ഉത്തരവുകൾ, സർക്കുലറുകൾ തുടങ്ങിയവ മുഖേന പ്ലോട്ടിൽ വരുത്തുന്ന മാറ്റങ്ങൾ ജില്ലാ പഞ്ചായത്തിന്റെ അറിവോടു കൂടി ആയിരിക്കേണ്ടതാണ്."

2. പരാമർശിത ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

1. പ്രസിഡന്റ്/സെക്രട്ടറി, കോഴിക്കോട് ജില്ലാ പഞ്ചായത്ത്
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
3. ചീഫ് ടൗൺ പ്ലാനർ
4. ജില്ലാ കളക്ടർ, കോഴിക്കോട്

5. ജില്ലാ പ്ലാനിംഗ് ഓഫീസർ, കോഴിക്കോട്
6. ജോയിന്റ് ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്)
7. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
8. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
9. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
10. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
11. വ്യവസായ വകുപ്പ്
12. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 22-06-2024 11:35:02

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്